## (82.) തെക്കുംമല സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഓരോ കാലഘട്ടത്തിലും അനുയോജ്യരായ അജപാലകരെ ദൈവം സഭയ്ക്ക് നൽകുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. ദൈവം ഓരോ പ്രത്യേക നിയോഗമായി ഓരോരുത്തരെ തിരഞ്ഞെടുത്ത് ഈ ലോകത്തിലേക്ക് അയയ്ക്കുന്നു. 1930 സെപ്റ്റംബർ 20-ന് നടന്ന ചരിത്രപ്രസിദ്ധമായ പുനരൈക്യ സംഭവം മലങ്കര സഭയാകമാനം വലിയ ചലനം സൃഷ്ടിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ ചൈതന്യത്തിൽ മധ്യതിരുവിതാംകൂറിലെ മണ്ണിൽ മലയോരമേഖലയിൽ പ്രവർത്തിച്ച മിശിഹാനുകരണം (ഒ.ഐ.സി.) സന്യാസസമൂഹത്തിലെ എല്ലാവരാലും ആദരിക്കപ്പെടുന്ന ഒരു സന്യാസവൈദികനാണ് ഫാ. വിൻസന്റ് ഒ.ഐ.സി. തെക്കുംമല സെന്റ് തോമസ് മലങ്കര കത്തോലിക്ക സമൂഹത്തിന്റെ ആദ്യകാലഘട്ടത്തിൽ അച്ചൻ ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ സമൂഹം ഓർക്കുന്നു.

### തെക്കുംമല കത്തോലിക്കാ കൂട്ടായ്മയുടെ തുടക്കം (ശാന്തി ആശ്രമം)

ജാതി-മത ഭേദമന്യേ സ്ഥലവാസികളായ പലരും ദൈവാരാധനയിൽ സംബന്ധിക്കുവാൻ താൽപര്യപ്പെട്ടതനുസരിച്ച് 1976 ഫെബ്രുവരി 13-ാം തീയതി സാമാന്യം സ്ഥല സൗകര്യം ഉള്ള ഒരു ഷെഡ് പണിതീർത്ത് അഭിവന്ദ്യ ആർച്ചുബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ട് ഷെഡിന്റെ കൂദാശ കർമ്മം നടത്തി.

ദൈവാരാധനയിൽ സംന്ധിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സ്ഥിരമായി ഒരു ക്രമീകരണം ഉടനെ ഉണ്ടാക്കേണ്ടിവന്ന സാഹര്യത്തിൽ ഈ കൂട്ടായ്മയുടെ അടുത്തു തന്നെ സാകര്യപ്രദമായ സ്ഥാനത്ത് 50 സെന്റ് സ്ഥലം അഭിവന്ദ്യ പിതാവ് തന്നെ വാങ്ങി. ഈറയിലയും കാട്ടുകമ്പുകളും ഉപയോഗിച്ച് മനോഹരമായി നിർമ്മിച്ച ആദ്യത്തെ പ്രാർത്ഥനാലയം. 1976 ഫെബ്രുവരി 13-ാം തീയതി പുതിയതായി വാങ്ങിയ സ്ഥലത്ത് പുനസ്ഥാപിച്ചു. ദൈവവിശ്വാസികളായ എല്ലാവർക്കും സമാധാനത്തിന്റെയും ശാന്തിയുടെയും ഉറവിടമായി 5 വർഷം മുഴുവൻ ഈ പ്രാർത്ഥനാലയം ഇതേപടി നിലനിന്നു. ഓരോവർഷവും കൂടുതൽ കുടുംബങ്ങൾ വിശ്വാസം സ്വീകരിച്ചുകൊണ്ട് വന്നിരുന്നതിനാൽ കൂടുതൽ ഉറപ്പും സുരക്ഷിതത്വവുമുള്ള ഒരു ദേവാലയം ആവശ്യമായി വന്നതിനാൽ 1981-ൽ പുതുക്കിപണിതു. തുടർന്ന് തെക്കുംമലയുടെയും ശാന്തിആശ്രമത്തിന്റെയും സാമൂഹികവും സാംസ്കാരികവുമായ അഭിവൃദ്ധി വളർന്നതോടൊപ്പം 1986 ഓഗസ്റ്റ് 15-ന് ദൈവാലയം പുതിയതായി പണികഴിപ്പിച്ചു.

### ഇടവകയുടെ ആരംഭം മുതൽ ഇതുവരെ സേവനമനുഷ്ഠിച്ച വികാരിമാർ

| | |
|---|---|
| 1) ഫാ. വിൻസന്റ് ഒ.ഐ.സി. | 1976-82, 1986-1987 |
| 2) ഫാ. പീറ്റർ ജോ ഒ.ഐ.സി. | 1982-1986 |
| 3) ഫാ. വർഗീസ് തറമുട്ടം ഒ.ഐ.സി. | 1987-1988 |
| 4) ഫാ. ജോസഫ് കുളകുടിയിൽ ഒ.ഐ.സി. | 1988-1991 |
| 5) ഫാ. സെബാസ്റ്റ്യൻ കുറ്റിക്കാട്ടിൽ | 1991-1994 |
| 6) ഫാ. തോമസ് കിഴക്കുംകര | 1995-1999 |
| 7) ഫാ. ജോൺ കിഴക്കേക്കര | 1999-2003 |
| 8) ഫാ. ജോസഫ് തുണ്ടിയുഴത്തിൽ | 2003-2006 |
| 9) ഫാ. ജോൺ വർഗീസ് പാലനിൽക്കുന്നതിൽ | 2006-2010 |

| | |
|---|---|
| 10) ഫാ. ജോസഫ് ഇരട്ടപ്പുളിക്കൽ | 2010 - 2012 |
| 11) ഫാ. സാം കുഴിപ്പാറ | 2012 - |
| 12) ഫാ. തോമസ് പഠിപ്പുരയ്ക്കൽ കപ്പൂച്ചിൻ | 2012 - 2015 |
| 13) ഫാ. സണ്ണി പാറയ്ക്കൽ കപ്പൂച്ചിൻ | 2015 |
| 14) ഫാ. തോമസ് പഠിപ്പുരയ്ക്കൽ കപ്പൂച്ചിൻ | 2016 |

**ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ**

വിശ്വാസപരിശീലന കാര്യാലയം - 18/10/2020 : ഇടവകാംഗം ജയ്മോൻ കൽക്കുന്നിന്റെ നേതൃത്വത്തിൽ ട്രസ്റ്റി, സെക്രട്ടറി, കമ്മറ്റിഅംഗങ്ങളുടെ ഉത്തരവാദിത്വത്തിൽ ഒരു വർഷംകൊണ്ട് പണി പൂർത്തീകരിച്ച് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ഔദ്യോഗികമായി കൂദാശകർമ്മം നിർവ്വഹിച്ച ചടങ്ങിൽ പത്തനംതിട്ട വികാരി ജനറൽ ഫാ. ഷാജി മാണികുളം, ജില്ലാ വികാരി ഫാ. ജോസഫ് കുരുമ്പിലേത്ത്, ഫാ. സാജൻ തോമസ് ഒ.ഐ.സി., പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഹൃദ്യ, സിസ്റ്റർ തമീം, സിസ്റ്റർ സാന്റാ എന്നിവരുടെ നേതൃത്വതത്തിൽ നടത്തപ്പെട്ടു. ഇടവകസമൂഹം ശുശ്രൂഷകൾക്ക് സാക്ഷിയായി.

**ഇടവകയിലെ ദൈവവിളികൾ**

1) ഫാ. ജോൺ കളത്തിൽ - കളത്തിൽ വീട്ടിൽ സെബാസ്റ്റ്യന്റെയും പി.ഡി. ലീലാമ്മയുടെയും നാല് മക്കളിൽ നാലാമത്തെ മകനായ അഭിവന്ദ്യ ആലപ്പുഴ മെത്രാൻ പീറ്റർ ചേനപറമ്പിൽ പിതാവിന്റെ കരങ്ങളാൽ 1993-ൽ ജനുവരിമാസം 2 തീയതി തിരുപട്ടം സ്വീകരിച്ചു. ഇപ്പോൾ ആലപ്പുഴ രൂപതയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

2) സിസ്റ്റർ സിദ്ധി എസ്.ഐ.സി. - തകിടിയിൽ മാത്തയി മാത്യുവിന്റെയും അന്നമ്മ മാത്യുവിന്റെയും നാല് മക്കളിൽ രണ്ടാമത്തെ മകൾ ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കരങ്ങളാൽ ഒന്നാം വ്രതവാഗ്ദാനം - 02/05/1986, നിത്യവ്രതവാഗ്ദാനം - 02//05/1993, ജൂബിലി - 02/05/2011

**ഇടവകയുടെ കുരിശ്ശടികൾ**

1) വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിലുള്ള കൊമ്പനോലി കുരിശടി സമീപവാസിയായ പട്ടരേത്ത് വീട്ടിൽ പി.ഡി. വർഗ്ഗീസ് ഇഷ്ടദാനം നൽകിയ ഭൂമിയിൽ 1987 ഒക്ടോബർ മാസത്തിൽ ഫാ. വർഗ്ഗീസ് തറമുട്ടിൽ അച്ചൻ കുദാശകർമ്മം നിർവ്വഹിച്ചു.

2) വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമധേയത്തിൽ ഇടവകാംഗം തകിടിയിൽ വീട്ടിൽ മത്തായി മാത്യു ഇഷ്ടദാനം നലകിയ സ്ഥലത്ത് ഫാ. ജോൺ കിഴക്കേക്കര കൂദാശാകർമ്മം നിർവഹിച്ചു.

3) ലൂർദ്ദമാതാവിന്റെ നാമധേയത്തിൽ പള്ളിയുടെ മുൻവശത്ത് സ്ഥാപിച്ച ലൂർദ്ദമാതാവിന്റെ ഗ്രോട്ടോ ഇടവകയിലെ ആന്താരിയത്ത് കുടുംബത്തിന്റെ വലിയസഹായത്താൽ, ഇടവകാംഗങ്ങളുടെയും, മറ്റു പല വ്യക്തികളുടെയും സഹായത്താൽ 22.03.2015-ൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശാകർമ്മം നിർവഹിച്ചു.

**നന്ദി**

പള്ളിയിലെ ചെറുതും വലുതുമായ ഓരോ ഉപകരണങ്ങളും സംഭാവന ചെയ്തിട്ടുള്ളത് ഇടവകയിലെ ഓരോ കുടുംബങ്ങളുമാണ്. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം പ്രത്യേകം ഓർക്കേണ്ടതായ

ചില വ്യക്തികളെയും കുടുംബങ്ങളെയും ഇടവകസമൂഹം നന്ദിയോടെ ഓർക്കുന്നു. അവ താഴെ പറയുന്നവയാണ്.

പള്ളിയുടെ കുരിശ്: റെൻസ് പൂവണ്ണവിളയിൽ & ഫാമിലി

പള്ളിമണി, പള്ളിയുടെ വിളക്ക്: ജെയ്മോൻ കൽകുന്നത്ത് & ഫാമിലി

ദൈവദാസനായ മാർ ഇവാനിയോസ് പിതാവിന്റെ വരപ്പിച്ച വലിയ ഫോട്ടോ: ബിജു തടത്തിൽ & ഫാമിലി

ഇവകയുടെ ആത്മീയശുശ്രൂഷകൾക്കായി ചെറുതും വലുതുമായ വിവിധ ഉപകരണങ്ങൾ നൽകിയ എല്ലാവരെയും ഓർക്കുന്നു.

**ഇടവകയിലെ ഭക്തസംഘടന**

എം.സി.വൈ.എം., മാതൃവേദി, സണ്ടേസ്കൂൾ, വിൻസന്റ് ഡി പോൾ